# SY-236

Reg. No. : ....................................

Name : ....................................

**SECOND YEAR HIGHER SECONDARY**
**SECOND TERMINAL EXAMINATION, DECEMBER-2024**

Part – III

Time : 2½ Hours

## POLITICAL SCIENCE

Cool-off time : 15 Minutes

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

1 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക. (16)

1. ഇന്ത്യയുടെ ആദ്യ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ആരാണ് ? (1)

2. താഷ്കെന്റ് ഉടമ്പടി ഒപ്പ് വച്ചത് ലാൽ ബഹദൂർ ശാസ്ത്രിയും ________ ഉം ആയിട്ടാണ് ?
   (a) സുൽഫിക്കർ അലി ഭൂട്ടോ
   (b) അയൂബ് ഖാൻ
   (c) യാഹ്യാ ഖാൻ
   (d) മുഹമ്മദ് അലി ജിന്ന (1)

3. 1969 ലെ രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ വിജയിച്ച വ്യക്തി ആര് ?
   (a) വി.വി. ഗിരി
   (b) സക്കീർ ഹുസൈൻ
   (c) എൻ. സഞ്ജീവ് റെഡ്ഡി
   (d) ഫക്രുദ്ദീൻ അലി അഹമ്മദ് (1)

4. 1972-ൽ ദളിത് പാന്തേഴ്സ് രൂപംകൊണ്ട് സംസ്ഥാനം ________ ആണ്?
   (a) കേരളം
   (b) രാജസ്ഥാൻ
   (c) മഹാരാഷ്ട്ര
   (d) ഒറീസ്സ (1)

5. 1988 ജനുവരിയിൽ ഏകദേശം 20,000 കർഷകർ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഉത്തർ പ്രദേശിലെ മീററ്റിൽ ഒത്തുകൂടി. ഈ കർഷകർ ഏത് സംഘടനയിലെ അംഗങ്ങൾ ആണ് ?
   (a) ഭാരതീയ കിസാൻ മോർച്ച
   (b) ഭാരതീയ കിസാൻ സഭ
   (c) ഭാരതീയ കിസാൻ യൂണിയൻ
   (d) ഇന്ത്യൻ കിസാൻ ദൾ (1)

6. 1985ൽ സോവിയറ്റ് യൂണിയനിൽ പരിഷ്കാരങ്ങൾ ആരംഭിച്ച നേതാവ് ആരാണ്? (1)

7. ദക്ഷിണ ഏഷ്യയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തുക ?

(a) ദക്ഷിണ ഏഷ്യയിലെ എല്ലാ രാജ്യങ്ങളിലും ജനാധിപത്യ ഭരണമാണ്.

(b) ഇന്ത്യയും ബംഗ്ലാദേശുമായി നദീജലം പങ്കുവയ്ക്കുന്നതിന് കരാർ ഉണ്ടാക്കിയിട്ടുണ്ട്.

(c) സാഫ്ത ഒപ്പുവച്ചത് ഇസ്ലാമാബാദിൽ നടന്ന 12-ാം മത് സാർക്ക് ഉച്ചകോടിയിൽ വച്ചാണ്.

(d) ചൈനയ്ക്കും യു.എസ്. എയും ദക്ഷിണേഷ്യൻ രാഷ്ട്രീയത്തിൽ നിർണ്ണായക സ്വാധീനം ഉണ്ട്. **(1)**

8. താഴെ തന്നിരിക്കുന്ന നേതാക്കൻമാരുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങൾ കണ്ടെത്തുക.

| | |
|---|---|
| സുന്ദർലാൽ ബഹുഗുണ | |
| മേധ പട്കർ | |

**(2)**

9. പൂർണ്ണ രൂപം എഴുതുക.

NATO

NAM **(2)**

10. യു.എൻ. സുരക്ഷാസമിതിയിൽ ________ സ്ഥിരാംഗങ്ങളും ________ അസ്ഥിരംഗങ്ങളും അണ് ഉള്ളത്. **(2)**

11. ചേരുംപടി ചേർക്കുക.

| | |
|---|---|
| ഒന്നാം ഗൾഫ് യുദ്ധം | ഓപ്പറേഷൻ എൻഡ്യുറിംഗ് ഫ്രീഡം |
| ഭീകരതയ്ക്ക് എതിരായ അഗോള യുദ്ധം | ഓപ്പറേഷൻ ഇറാഖി ഫ്രീഡം |
| രണ്ടാം ഗൾഫ് യുദ്ധം | ഓപ്പറേഷൻ ഡെസർട്ട് സ്റ്റോം |

**(3)**

12. ചേരുംപടി ചേർക്കുക.

| | |
|---|---|
| ഭാരതീയ ജന സംഘം | ഡോ. ബി.ആർ. അംബേദ്കർ |
| സോഷ്യലിസ്റ്റ് പാർട്ടി | ശ്യാമപ്രസാദ് മുഖർജി |
| കമ്മ്യൂണിസ്റ്റ് പാർട്ടി | ആചാര്യ നരേന്ദ്ര ദേവ് |
| റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യ | എ.കെ. ഗോപാലൻ |

(4)

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4 × 3 = 12)**

13. ഹരിത വിപ്ലവത്തിനെക്കുറിച്ച് ഒരു ചെറുകുറിപ്പ് എഴുതുക.

14. അറുവതുകളിലെ കോൺഗ്രസ്സിന്റെ പശ്ചാത്തലത്തിൽ 'സിൻഡിക്കേറ്റ്' എന്ന പദം എന്താണ് അർത്ഥമാക്കുന്നത് എന്ന് പറയുക ?

15. 1975ലെ അടിയന്തിരാവസ്ഥയിൽ നിന്നും നമ്മൾ ഉൾക്കൊണ്ട പ്രധാന പാഠങ്ങൾ എന്താണെന്ന് വിവരിക്കുക ?

16. ആസിയാൻ സമൂഹത്തിന്റെ മൂന്ന് സ്തംഭങ്ങൾ ഏതെന്നും അവയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും എഴുതുക ?

17. ഇന്ത്യയും ബംഗ്ലാദേശുമായി സഹകരിക്കുന്നതും സഹകരിക്കാത്തതുമായ മേഖലകൾ കണ്ടെത്തുക.

**18 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

18. രാജീവ് ഗാന്ധി-ലോംഗോവാൾ സന്ധിയിലെ പ്രധാന വ്യവസ്ഥകൾ എതെല്ലാം ആയിരുന്നു ?

19. ക്യൂബൻ മിസൈൽ പ്രതിസന്ധിയെക്കുറിച്ച് വിവരിക്കുക ?

20. ഷോക്ക് തെറാപ്പി എന്നാലെന്ത്? അതിന്റെ പ്രത്യാഘാതങ്ങൾ വിവരിക്കുക ?

21. ഒരു ബദൽ അധികാര കേന്ദ്രം എന്ന നിലയിലുള്ള ചൈനയുടെ വളർച്ചയും വികാസവും വിവരിക്കുക.

22. ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ സമിതിയിൽ സ്ഥിരാംഗത്വം വേണമെന്ന ഇന്ത്യയുടെ അവകാശവാദത്തിന് അനുകൂലമായ നിങ്ങളുടെ വാദഗതികൾ എഴുതുക.

**23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഒരോന്നിനും 5 സ്കോർ വീതം.** **(4 × 5 = 20)**

23. ഇന്ത്യൻ രാഷ്ട്രീയത്തിൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയ അഞ്ചു സംഭവങ്ങൾക്ക് 1989 ന് ശേഷം സാക്ഷ്യം വഹിച്ചു. അവ ചുരുക്കി വിവരിക്കുക ?

24. സൈനികമായും സാമ്പത്തികവുമായുള്ള അമേരിക്കയുടെ ആധിപത്യത്തെ വിലയിരുത്തുക ?

25. എന്തൊക്കെ കാര്യങ്ങൾ ആണ് യൂറോപ്യൻ യൂണിയനെ വളരെ വലിയ സ്വാധീനമുള്ള സംഘടനയാക്കി മാറ്റുന്നത് ?

26. ശ്രീലങ്കയിലെ വംശീയ പോരാട്ടത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക ?

27. ഐക്യരാഷ്ട്ര സംഘടയുടെ പ്രധാന ഘടകങ്ങൾ ഏതെല്ലാം ? അവ ചുരുക്കി വിവരിക്കുക ?

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**8 സ്കോർ വീതം.** **(2 × 8 = 16)**

28. ഇന്ത്യാ വിഭജനത്തിന്റെ പ്രക്രിയയും അതിന്റെ അനന്തരഫലങ്ങളും വിവരിക്കുക ?

29. താഴെ തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് വടക്ക്-കിഴക്ക് മേഖലയിലെ പ്രാദേശിക അഭിലാഷങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ വിവരിക്കുക ?
    - സ്വയംഭരണാവകാശ വാദം
    - വിഘടനവാദ പ്രസ്ഥാനങ്ങൾ
    - പുറത്തുനിന്നുള്ളവർക്കെതിരായ പ്രസ്ഥാനം

30. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിന്റെ കാരണങ്ങൾ വിവരിക്കുക ?